| പതിമൂന്നാം കേരളനിയമസഭ | | | |
|---|---|---|---|
| പതിനാലാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.280 | | 10.07.2015-ൽ മറുപടിക്ക് | |
| "ഔവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൺ (ഒ.ആർ.സി)പദ്ധതി" | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഔവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൺ (ഒ.ആർ.സി)പദ്ധതി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾക്ക് പരിഹാരം കാണുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഒ.ആർ.സി. ഈ പദ്ധതിയുടെ അടിസ്ഥാനതലം സ്കൂളുകളാണ്. കേരളത്തിലെ 14 ജില്ലകളിലും ഒ.ആർ.സി പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലേയ്ക്കും കൊല്ലം ജില്ലയിൽ 7 ഉം മറ്റു ജില്ലകളിൽ 5 വീതവും സ്കൂളുകളിൽ പ്രഥമ ഘട്ടത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. ഗുരുതരമായ സ്വഭാവ വ്യതിയാനം സംഭവിച്ചിട്ടുള്ള ചില കുട്ടികളെ മെന്ററിംഗിലൂടെയും കൗൺസിലിംഗിലൂടെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി ഒ.ആർ.സി റിസോഴ്സ് സെന്റർ ജില്ലാതലത്തിൽ പ്രവർത്തന സജ്ജമാക്കിവരുന്നു. ജില്ലാകളക്ടർമാരുടെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഒ.ആർ.സി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. |

സെക്ഷൻ ആഫീസർ